പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1234.

21.03.2013 ൽ മറുപടിക്ക്

**റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ**

ശ്രീ. സി. ദിവാകരൻ :

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തെല്ലാം; ആളൊന്നിന് ഓരോ സാധനത്തിനും നിശ്ചയിച്ചിട്ടുളള അളവ് എത്ര വീതമാണ് ;

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ഫോർട്ടി ഫൈഡ് ആട്ട എന്നിവ വിതരണം ചെയ്തു വരുന്നു. ഓരോ വിഭാഗത്തിലുംപെട്ട കാർഡുടമകൾക്കു ലഭിച്ചു വരുന്ന വിഹിതം (2013 മാർച്ച് മാസത്തേത്) അനുബന്ധമായി ചേർക്കുന്നു.

(ബി) എത്ര പേർക്ക് റേഷൻ സാധനങ്ങൾ നല്കുന്നുണ്ട്;

(ബി) 31.01.2013 ലെ കണക്കുകൾ പ്രകാരം 8020525 കുടുംബങ്ങൾക്ക് റേഷൻസാധനങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ അന്നപൂർണ്ണ പദ്ധതിയിൽ പെട്ട 31319 പേർക്കും അവർക്ക് അർഹതപ്പെട്ട വിഹിതം ലഭിക്കുന്നുണ്ട്.

(സി) റേഷൻ കടകൾ വഴി കൂടുതൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) "End to end Computerisation" പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുളള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നിവേദിത പി. ഹരനെ ഏകാംഗ കമ്മീഷനായി നിയമിച്ചിരിക്കുകയാണ്. കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനു ശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

| പദ്ധതി | അരി | ഗോതമ്പ് | പഞ്ചസാര (ഓരോ അംഗത്തിനും) | മണ്ണെണ്ണ (16.50/17.00 രൂപ) | | ആട്ട |
|---|---|---|---|---|---|---|
| | | | | E Card | NE Card | |
| ബി.പി.എൽ | 25 Kg @ ₹1<br>5 Kg @ ₹6.20 | 5 Kg @ ₹2<br>7 Kg @ ₹4.70 | 400 g@ ₹13.50 per Kg | 1 L | 4 L | - |
| എ.എ.വൈ. | 35 Kg @ ₹1 | | 400 g@ ₹13.50 per Kg | 1 L | 4 L | |
| എ.പി.എൽ. (SS)** | 9 Kg @ ₹2 | 2 Kg @ ₹2 | - | 1 L | 4 L | 2 Kg @ ₹12 |
| എ.പി.എൽ. (Normal)** | 10 Kg @ ₹8.90 | 2 Kg @ ₹6.70 | | 1 L | 4 L | 2 Kg @ ₹12 |
| അന്നപൂർണ്ണ | 10 Kg free | | | | | |
| എ.പി.എൽ. ** | 19 Kg @ ₹6.20 | 6 Kg @ ₹4.70 | | | | |

** നിലവിൽ എ.പി.എൽ. വിഭാഗത്തിൽ പെട്ട, എന്നാൽ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തതുമായ കാർഡുടമകൾക്ക് 6.20 രൂപ നിരക്കിൽ 19 കിലോ അരിയും 4.70 രൂപ നിരക്കിൽ 6 കിലോ ഗോതമ്പും ലഭിക്കും.